സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ് നന്ദൻകോട് കവടിയാർ തിരുവനന്തപുരം 695003

ഫോൺ. 0471 2317983 ഫാക്സ് 0471 2310192

ആർഒസി.4031/22/എം

ദേവസ്വം ബോർഡാഫീസ്

02-06-2025

## സർക്കുലർ

വിഷയം:- ദുരന്ത നിവാരണ നിയമം 2005 - സെക്ഷൻ 30 (2) V - ദേവസ്വങ്ങളിലെ അതീവ അപകടാവസ്ഥയിലുള്ളതും അടിയന്തിര സ്വഭാവമുള്ളതുമായ മരങ്ങളുടെ ശിഖരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച്

സൂചന:- തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപെഴ്സൻ & ജില്ലാ കളക്ടറുടെ 21/05/2025 - ലെ DCTVM/7686/2025/H7 നമ്പർ ഉത്തരവ്.

തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ ഓഫീസ് പരിസരങ്ങളിലും പൊതു സ്ഥലങ്ങളിലും നിൽക്കുന്ന അപകടാവസ്ഥയിലുള്ള വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 2005 - ലെ ദുരന്ത നിവാരണ നിയമത്തിലെ 30 (2) V വകുപ്പ് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സൂചനാ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിലും ചുവടെ വിവരിയ്ക്കും പ്രകാരം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ അധികാര പരിധിയിൽ വരുന്ന ദേവസ്വം വക സ്ഥലങ്ങളിൽ പൊതു ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ അടിയന്തിരമായി ചെലവ് കണക്ക് അടിസ്ഥാനത്തിൽ മുറിച്ചു മാറ്റി അപകടാവസ്ഥ ഒഴിവാക്കേണ്ടതാണ്.

2. കാലവർഷം ശക്തി പ്രാപിക്കുന്നതോടുകൂടി കാറ്റിനും സാധ്യതയുള്ളതിനാൽ വൃക്ഷങ്ങൾ കടപുഴകി വീണു പൊതുജനങ്ങളുടെ ജീവനും സ്വത്തിനും

(മറുപുറം)

EDP.



അപകടം ഒഴിവാക്കുന്നതിനായി വൃക്ഷങ്ങളുടെ അപകടകരമായ ശിഖരങ്ങൾ മുറിച്ചു മാറ്റി അപകടങ്ങൾ ഒഴിവാക്കാൻ എല്ലാ ആഫീസ് മേധാവികളും ശ്രദ്ധിക്കേണ്ടതാണ്. അപകടകരമായ വൃക്ഷങ്ങൾ പൂർണ്ണമായും മുറിച്ചു മാറ്റേണ്ടതുണ്ടെങ്കിൽ അതത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഗ്രൂപ്പ് അസിസ്റ്റന്റ് എൻജിനീയർ, അതത് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പാഫീസർ എന്നിവരടങ്ങുന്ന സമിതി കൂടി അത്തരം മരങ്ങൾ മുറിച്ചുമാറ്റാൻ തീരുമാനം എടുത്തു ആയതു പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ചെലവ് കണക്ക് അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Bindu
സെക്രട്ടറി

<u>പകർപ്പ്</u>

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ചീഫ് എൻജിനീയർ
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
8. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ)
9. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
10. എല്ലാ അസിസ്റ്റന്റ് എൻജിനീയർമാർക്കും
11. ഇ.ഡി.പി സെക്ഷൻ
12. സെക്ഷൻ ഫയൽ
13. ഫയൽ ബുക്ക്
14. ആഫീസ് കോപ്പി